REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാമറും മുംബൈയിൽ കൂടിക്കാഴ്ച്ച നടത്തി.**
- **ആഭ്യന്തര മന്ത്രി അമിത് ഷായുമായി ഡൽഹിയിൽ ചർച്ച നടത്തി മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ശബരിമല സ്വർണപ്പാളി വിഷയത്തിൽ തുടർച്ചയായ നാലാം ദിവസവും നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം.**
- **KSRTC ബസുകളിൽ ക്യാൻസർ രോഗികൾക്ക് സൗജന്യ യാത്ര അനുവദിക്കുമെന്ന് മന്ത്രി KB ഗണേഷ് കുമാർ.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഉച്ച കഴിഞ്ഞ് ദക്ഷിണാഫ്രിക്കയെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാമറും മുംബൈയിൽ കൂടിക്കാഴ്ച്ച നടത്തി. വ്യാപാരം, രാജ്യരക്ഷാ, സുരക്ഷ തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ചായിരുന്നു ചർച്ച.

ഇന്ത്യയ്ക്കും UK യ്ക്കും ഇടയിൽ സൗഹൃദം ശക്തമാണെന്നും വ്യാപാര കരാർ ഇരുരാജ്യങ്ങൾക്കും നേട്ടമാണെന്നും പ്രധാനമന്ത്രിയും സ്റ്റമറും കൂടിക്കാഴ്ചയ്ക്ക് ശേഷം നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

വൈകിട്ട് ഇരു പ്രധാനമന്ത്രിമാരും CEO ഫോറം, വ്യാപാര - വ്യവസായ പ്രമുഖർ തുടങ്ങിയവരുമായി സംവദിക്കും. വൈകിട്ട് മുംബൈയിലെ ആറാമത് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ മോദിയും, സ്റ്റാമറും പങ്കെടുക്കും.

✪✪✪

US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഇസ്രായേൽ - ഹമാസ് ആദ്യഘട്ട സമാധാന കരാറിനെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാഗതം ചെയ്തു. ഇരുവിഭാഗവും ഒപ്പുവെച്ച കരാർ ബന്ദികളുടെ മോചനവും ഗാസയിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട മാനുഷിക സഹായവും ആശ്വാസവും നൽകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച GST ബചത് ഉത്സവ് സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനകരമാണ്. തമിഴ്നാടിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്ന GST പരിഷ്കാരങ്ങളെക്കുറിച്ചാണ് ഇന്നത്തെ റിപ്പോർട്ട്.

തമിഴ്നാടിന്റെ സമ്പന്നമായ കരകൗശല വസ്തുക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനും വ്യാവസായിക മേഖലകൾക്ക് നേട്ടങ്ങൾ നൽകുന്നതിനുമാണ് പുതിയ GST പരിഷ്കാരങ്ങൾ ലക്ഷ്യമിടുന്നത്. വരും തലമുറ GST പരിഷ്കാരങ്ങൾ പ്രകാരം എംബ്രോയിഡറി, നെയ്ത്ത് സാമഗ്രികൾ, കാഞ്ചീപുരം പട്ടുസാരി, എന്നിവയുടെ നികുതി നിരക്കുകൾ 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. മരപ്പണി, പരമ്പരാഗത കളിപ്പാട്ടങ്ങൾ എന്നിവയുടെ നികുതി നിരക്കുകളും 5 ശതമാനമായി കുറച്ചു, ഇത് കരകൗശല കുടുംബങ്ങൾക്ക് പിന്തുണ ഉറപ്പാക്കുന്നതാണ്.

✪✪✪

എറണാകുളത്ത് നിന്നും തൃശൂർ, പാലക്കാട് വഴി ബംഗളൂരുവിലേക്ക് പുതിയ വന്ദേഭാരത് ട്രെയിൻ അനുവദിച്ചതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. നവംബർ പകുതിയോടെ സർവ്വീസ് ആരംഭിക്കും. കേരളത്തിലെ മൂന്നാമത് വന്ദേ ഭാരതാണിത്.

✪✪✪

ആഭ്യന്തര മന്ത്രി അമിത് ഷായുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

മന്ത്രിമാരായ KN ബാലഗോപാൽ, മുഹമ്മദ് റിയാസ്, ചീഫ് സെക്രട്ടറി തുടങ്ങിയവർ മുഖ്യമന്ത്രിക്ക് ഒപ്പമുണ്ട്.

കേരളത്തിന്റെ വികസന പദ്ധതികൾക്കും ആവശ്യങ്ങൾക്കും കൂടുതൽ പരിഗണന ആവശ്യപ്പെട്ടാണ് കൂടിക്കാഴ്ച.

✪✪✪

ശബരിമല സ്വർണപ്പാളി വിഷയത്തിൽ തുടർച്ചയായ നാലാം ദിവസവും നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. പ്രക്ഷുബ്ധ രംഗങ്ങൾക്കിടെ നിയമസഭാ ചീഫ് മാർഷലിനു പരുക്കേറ്റു.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

(വോയ്സ് ............. )

✪✪✪

ശബരിമല സ്വർണപാളി വിഷയത്തിൽ ദേവസ്വം മന്ത്രി രാജിവെക്കണമെന്നും, സംഭവം CBI അന്വേഷിക്കണമെന്നും ദേവസ്വം ബോർഡ് പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ട് BJP സംസ്ഥാന വ്യാപകമായി ഇന്ന് ജില്ലാ കളക്ടറേറ്റുകളിലേക്ക് മാർച്ച് നടത്തി.

കാസർകോട്ടും, കോഴിക്കോട്ടും, തൃശൂരും മാർച്ചിന് നേരെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

✪✪✪

ശബരിമല വിഷയത്തിൽ ദേവസ്വം മന്ത്രിയും ദേവസ്വം ബോർഡും രാജി വെക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം മന്ത്രി VN വാസവൻ തള്ളി. എവിടേയും ഒരു FIR പോലും ശബരിമല വിഷയത്തിൽ രജിസ്റ്റർ ചെയ്യാത്ത വിഷയത്തിലാണ് പ്രതിപക്ഷം രാജി ആവശ്യം ഉന്നയിക്കുന്നത് ബാലിശമാണന്ന് മന്ത്രി നിയമസഭയിൽ പറഞ്ഞു. ശബരിമല ക്ഷേത്രത്തിൽ നിന്ന് ആരെങ്കിലും ഒരു തരി പൊന്നെടുത്തിട്ടുണ്ടെങ്കിൽ അത് തിരികെ വെപ്പിക്കാനും അവർക്കെതിരെ കർശന നടപടിയെടുക്കാനും ഗവൺമെന്റ് തയ്യാറാണെന്ന് മന്ത്രി വ്യക്തമാക്കി.

✪✪✪

ശബരിമല സ്വർണപ്പാളി വിവാദവുമായി ബന്ധപ്പെട്ട ചോദ്യം ചെയ്യലിനായി സ്മാർട്ട് ക്രിയേഷൻസ് ഉടമ പങ്കജ് ഭണ്ഡാരി ദേവസ്വം വിജിലൻസിന് മുൻപാകെ ഹാജരായി. തിരുവനന്തപുരം ദേവസ്വം ബോർഡ് ആസ്ഥാനത്താണ് പങ്കജ് എത്തിയത്.

✪✪✪

KSRTC-യുടെ വരുമാനം അനുദിനം വർധിച്ചു വരികയാണെന്നും കഴിഞ്ഞ വർഷത്തെക്കാൾ ഏകദേശം 26 കോടി രൂപയുടെ വർധനവുണ്ടായെന്നും മന്ത്രി KB ഗണേഷ്കുമാർ നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു. യാത്രക്കാരുടെ എണ്ണത്തിൽ 22 ലക്ഷത്തിലധികം വർധനവുണ്ട്. കഴിഞ്ഞ

ദിവസം KSRTCയുടെ ചരിത്രത്തിലെ തന്നെ വലിയ കളക്ഷനായ 10 കോടി 19 ലക്ഷം രൂപ നേടിയെന്നും മന്ത്രി അറിയിച്ചു.

KSRTC ബസുകളിൽ ക്യാൻസർ രോഗികൾക്ക് സൗജന്യ യാത്ര അനുവദിക്കും. സൂപ്പർ ഫാസ്റ്റ് മുതൽ എല്ലാ ബസുകളിലും യാത്രാസൗജന്യം ലഭിക്കും. സ്വകാര്യ ആശുപത്രികളിൽ ചികിത്സക്ക് എത്തുന്നവർക്കും യാത്ര സൗജന്യമായിരിക്കും. KSRTC ഡയറക്ടർ ബോർഡ് ഇന്ന് തന്നെ തീരുമാനം എടുത്തു പ്രഖ്യാപനം നടത്തുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കർഷകർക്കും കർഷക തൊഴിലാളികൾക്കും ആധുനിക കൃഷി രീതികളിൽ പ്രാവീണ്യം ഉറപ്പാക്കാൻ ഗവണ്മെന്റ് ശ്രമിച്ചുവരികയാണെന്ന് മന്ത്രി P പ്രസാദ് നിയമസഭയിൽ പറഞ്ഞു.

യന്ത്രവത്കൃത - നവീന കൃഷി രീതിയിൽ വൈദഗ്ധ്യം നേടിയ കർഷക തൊഴിലാളികളുടെ എണ്ണം വർധിപ്പിക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കർഷകരുടെ മാസ വരുമാനത്തിൽ 61.79 ശതമാനം വർധന വരുത്താനായിട്ടുണ്ട്.

✪✪✪

കഴിഞ്ഞ നാലു വർഷത്തിനിടെ 6000 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിനിയോഗിച്ച് സംസ്ഥാനത്തെ സർവ്വകലാശാലകളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയെന്ന് മന്ത്രി ഡോ. R ബിന്ദു നിയമസഭയിൽ പറഞ്ഞു.

ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ലാബ് കോംപ്ലക്സുകൾ കേരള സർവ്വകലാശാലയിലും, MG സർവ്വകലാശാലയിലും, കുസാറ്റിലുമൊക്കെ ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്ത് നിന്നും കൂടുതൽ വിദ്യാർത്ഥികൾ കേരളത്തിലേക്ക് കടന്നു വരാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തെ സർവകലാശാലകളിൽ ഉറപ്പാക്കി വരികയാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

കേരളത്തിലെ ലൈഫ് സയൻസ് മേഖലയുടെ വളർച്ചയ്ക്ക് സഹായകമായ ബയോ കണക്റ്റ് 3.0 രാജ്യാന്തര കോൺക്ലേവ് തിരുവനന്തപുരത്ത് ഇന്നാരംഭിക്കും. വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മെഡിക്കൽ ഉപകരണങ്ങൾ, ന്യൂട്രാ സ്യൂട്ടിക്കൽസ്, ആരോഗ്യവും നിർമ്മിത ബുദ്ധിയും, ആയുർവേദം തുടങ്ങിയ മേഖലകളിൽ പ്രത്യേക സെഷനുകൾ കോൺക്ലേവിന്റെ ഭാഗമാണ്.

കേരളത്തെ ആരോഗ്യ-ബയോടെക് മേഖലകളിലെ ഇന്നൊവേഷൻ ഹബ്ബ് ആക്കുക എന്ന ലക്ഷ്യത്തോടെയാണ് 'Connecting Science to Business' എന്ന പ്രമേയത്തോടെ കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

✪✪✪

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്നും നാളെയും പാലക്കാട് ജില്ലയിലെ പരിപാടികളിൽ പങ്കെടുക്കും. വൈകിട്ട് ചെത്തല്ലൂർ, പറളി എന്നിവിടങ്ങളിലെ കലുങ്ക് സൗഹൃദ ചർച്ചക്ക് അദ്ദേഹം നേതൃത്വം നൽകും.

✪✪✪

സംസ്ഥാന ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'സുരക്ഷിതം 3.O' അന്താരാഷ്ട്ര കോൺക്ലേവ് നാളെ എറണാകുളത്ത് ആരംഭിക്കും. മറ്റന്നാൾ രാവിലെ മന്ത്രി V ശിവൻകുട്ടി കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. മന്ത്രി P രാജീവ് മുഖ്യാതിഥിയാകും.

✪✪✪

വന്യജീവിവാരാഘോഷ പരിപാടികളുടെ സമാപന സമ്മേളനം വൈകിട്ട് തിരുവനന്തപുരം വനം ആസ്ഥാനത്ത് മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് മന്ത്രി സമ്മാനങ്ങളും വിതരണം ചെയ്യും.

✪✪✪

തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിനായി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനങ്ങൾക്കെതിരായ റിട്ട് ഹർജികളെല്ലാം ഹൈക്കോടതി തള്ളി. 103 ഹർജികളാണ് നിരസിച്ചത്. ഹർജികൾക്കെതിരായി ഡീലിമിറ്റേഷൻ കമ്മീഷൻ ഉന്നയിച്ച പ്രാഥമികമായ വാദങ്ങൾക്കെല്ലാം നിയമപരമായ സാധുത ഉണ്ടെന്നും കോടതി ഉത്തരവിൽ വ്യക്തമാക്കി.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ഉച്ചയ്ക്ക് മൂന്നിന് വിശാഖപട്ടണത്താണ് മത്സരം.

ഇന്നലെ കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ഓസ്ട്രേലിയ പാകിസ്ഥാനെ 107 റൺസിന് തോൽപ്പിച്ചു. 50 ഓവറിൽ 221 റൺസെടുത്ത ഓസ്ട്രേലിയക്കെതിരെ 36.3 ഓവറിൽ 114 റൺസിന് പാകിസ്ഥാൻ പുറത്തായി.

✪✪✪

താമരശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടർക്ക് നേരെയുണ്ടായ ആക്രമണത്തിനെതിരെ കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ആശുപത്രി ഡോക്ടർമാർ OP ബഹിഷ്ക്കരിക്കുന്നു. അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

ഡോക്ടറെ ആക്രമിച്ച കോരങ്ങാട് സ്വദേശി സുനൂപിനെതിരെ വധശ്രമം അടക്കം വകുപ്പുകൾ ചേർത്ത് കേസെടുത്തിട്ടുണ്ട്. ഇയാളെ കോടതിയിൽ ഹാജരാക്കാൻ കൊണ്ടുപോയി. ആക്രമണത്തിൽ സാരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ഡോക്ടർ വിപിന്റെ ആരോഗ്യസ്ഥിതി തൃപ്തികരമാണെന്ന് അധികൃതർ അറിയിച്ചു.

✪✪✪

സ്വർണ്ണവില  ഇന്നും വർദ്ധിച്ചു. പവന് 160 രൂപ കൂടി 91,040 രൂപയായി. 11,380 രൂപയാണ് ഗ്രാമിന്റെ വില. സ്വർണ്ണവില ഇതാദ്യമായാണ് 91,000 രൂപ കവിയുന്നത്.

✪✪✪

സംസ്ഥാനത്ത്  വരുംദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് മഴ സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

ഇന്ന് കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

ഇന്ന് ലോക കാഴ്ച ദിനം. അന്ധത, കാഴ്ച വൈകല്യങ്ങൾ എന്നിവയിൽ ആഗോള ശ്രദ്ധ പതിപ്പിക്കുകയാണ് ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRTs: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*